بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 28.05.2021 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## ഖിലാഫത്തിനോടുള്ള അനുസരണ പ്രതിജ്ഞ നിറവേറ്റാനായി നമ്മൾ എല്ലാ വിധത്തിലുമുള്ള ത്യാഗങ്ങൾക്കും സന്നദ്ധരായിരിക്കണം. എന്നാൽ മാത്രമേ നമുക്ക് വരും തലമുറയെയും ഖിലാഫത്തിനെ അനുസരിക്കുന്നവർ ആക്കുമെന്നുള്ള നമ്മുടെ പതിജ്ഞ നിറവേറ്റാനാകുകയുള്ളൂ.

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَ رَسُوۡلُهٗ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ۔

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۙ﴿۲﴾ الرَّحۡمٰنِ الرَّحِيۡمِ ۙ﴿۳﴾ مٰلِكِ يَوۡمِ الدِّيۡنِ ؕ﴿۴﴾ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ ؕ﴿۵﴾

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ﴿۶﴾ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۬ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَ لَا الضَّآلِّيۡنَ ﴿۷﴾

തശഹ്ഹുദ്, തഅവ്വുദ്, സൂറ ഫാത്തിഹ, സൂറ അന്നൂർ ആയത്ത് 56,57 തർജമ സഹിതം എന്നിവ ഓതിയ ശേഷം ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്) പറഞ്ഞു,

ഇന്നലെ മെയ് 27 ആയിരുന്നു. ഖിലാഫത്ത് ദിനമായാണ് ആ ദിവസം നാം ആചരിക്കാറുള്ളത്. അന്നേ ദിവസം നമ്മൾ ജമാഅത്തുകളിൽ സമ്മേളനങ്ങൾ നടത്തുകയും ജമാഅത്തിന്റെ ചരിത്രം അയവിറക്കുകയും ഖിലാഫത്തിനോടുള്ള നമ്മുടെ ഉത്തരവാദിത്വങ്ങളെ കുറിച്ച് ബോധവല്ക്കരണം നേടുകയും ചെയ്യുന്നു. ഈ യുഗത്തിലെ പ്രവാചകനെ വിശ്വസിക്കാനും കാലത്തിന്റെ ഖലീഫയ്ക്കു അനുസരണ പ്രതിജ്ഞ ചെയ്യാനും സൗഭാഗ്യമേകി കൊണ്ട് അല്ലാഹു നമുക്കു മേൽ വലിയ ഔദാര്യമാണ് ചെയ്തിട്ടുള്ളത്.

ഞാൻ ഇവിടെ പാരായണം ചെയ്ത ഖുർആനിക വചനങ്ങളിൽ അല്ലാഹു ദീനിനെ പ്രബലപ്പെടുത്തുമെന്നും ഭയാവസ്ഥയെ സമാധാനത്തിലേക്കു മാറ്റുമെന്നും വാഗ്ദാനം ചെയ്തിരിക്കുന്നു. എന്നാൽ വാഗ്ദാന പൂർത്തീകരണത്തിനായി ചില നിബന്ധനകളും അവൻ വച്ചിട്ടുണ്ട്. സുദൃഢമായ ഈമാൻ, സാലിഹായ(പുണ്യ) കർമങ്ങൾ, ആരാധനകളുടെ മുറപ്രകാരമുള്ള അനുഷ്ഠാനം, ശിർക്ക് അഥവാ അന്യാരാധന പൂർണമായും ഉപേക്ഷിക്കുക എന്നിവയാണ് നിബന്ധനകൾ. അക്കാര്യങ്ങൾ നേടാനായി നമസ്ക്കാരം, ദൈവമാർഗത്തിൽ ധനവ്യയം, പ്രവാചകനെ അനുസരിക്കൽ എന്നിവ വളരെ അനിവാര്യമാണ്. ഇക്കാര്യങ്ങളെല്ലാം ശ്രദ്ധിക്കുമ്പോൾ മാത്രമേ നമുക്കു ഖിലാഫത്താകുന്ന അനുഗ്രഹത്തിൽ നിന്നും യഥാവിധം ഫലമെടുക്കാനാകുകയുള്ളൂ. ഈ ആയത്ത് വിശ്വാസികൾക്ക് സുവാർത്ത നല്കുന്നതോടൊപ്പം തന്നെ ചിന്തോദ്ദീപികവുമാണ്. എന്തെന്നാൽ ഈ നിബന്ധനകൾ പൂർണമായും പാലിക്കപ്പെടുന്നില്ലെങ്കിൽ അതുമൂലമുള്ള അനുഗ്രഹത്തിൽ നിന്നും യഥാവിധം ഫലമെടുക്കാനാകുകയില്ല. നമസ്ക്കാരം, സക്കാത്ത് അതുപോലെ ദൈവത്തോടും അവന്റെ ദാസരോടുമുള്ള കടമകൾ എന്നിവ നിർവഹിക്കുന്നില്ലെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളും കാരുണ്യവും തങ്ങളിലേക്ക് ആകർഷിക്കാനും ആർക്കും സാധിക്കുകയില്ല. അതു കൊണ്ടു തന്നെ തങ്ങളുടെ ചരിത്രം അയവിറക്കുകയും ഖിലാഫത്ത് ദിനം ആചരിക്കുകയും ചെയ്യുക മാത്രം മതിയായതല്ല. നമ്മുടെ ഈമാനിന്റെ അവസ്ഥ എന്താണെന്ന് നാം ആത്മ പരിശോധന നടത്തേണ്ടതുണ്ട്. നമ്മുടെ എല്ലാ കർമങ്ങളും ദൈവപ്രീതി മാത്രം ഉദ്ദേശിച്ചു കൊണ്ടുള്ളതാകുമ്പോഴാണ് നമുക്ക് മനഃസംതൃപ്തിയും സമാധാനവും ലഭിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, നമ്മുടെ കർമത്തിൽ ഒരുതരി പോലും ഫസാദ് അഥവാ ദൂഷ്യമില്ലാതിരിക്കുമ്പോഴാണ് അതിനെ സ്വാലിഹായ കർമം എന്നു പറയുന്നത്. ഓർത്തു കൊള്ളുക, മനുഷ്യന്റെ കർമത്തിനു പിറകേ എപ്പോഴും കള്ളന്മാരുണ്ടാകുന്നതാണ്. അവ എന്തെല്ലാമാണ്? മറ്റുള്ളവരുടെ പ്രംശസ നേടാനുള്ള മനോഭാവവും അഹംഭാവവും അതുപോലെ പലപ്പോഴും ഒരാൾക്ക് സ്വയം തിരിച്ചറിയാനാകാത്ത വിധത്തിലുള്ള തിന്മകളുമാണ് അവ. സ്വാലിഹായ കർമം എന്നത് അതിൽ അതിക്രമം, അഹംഭാവം, പ്രകടനാത്മകത, അഹങ്കാരം, അന്യരുടെ അവകാശ ധ്വംസനം എന്നിവയെ കുറിച്ചുള്ള ചിന്ത പോലും ഇല്ലാത്തതായിരിക്കണം. സ്വാലിഹായ കർമം ചെയ്യുന്ന വ്യക്തിയായി ഒരാളെങ്കിലുമുള്ള ഒരു വീട്ടിലെ എല്ലാവരും രക്ഷപ്പെടുന്നതാണ്.

ഹുസൂർ തിരുമനസ്സ് പറയുന്നു, സ്വാലിഹായ കർമം ഇതാണെന്ന് ഒരാൾ സ്വയം തോന്നുന്ന പോലെ തീരുമാനിക്കുകയും നിർദേശിക്കുകയും അല്ല വേണ്ടത്. ഫസാദ് അഥവാ ദൂഷ്യം എന്നതിന്റെ എതിർപദമാണ് സ്വാലിഹ്. അതുകൊണ്ട് സ്വാലിഹായ കർമത്തിൽ ഒരു തരത്തിലുമുള്ള ദൂഷ്യമില്ലാതിരിക്കുക നിർബന്ധമാണ്. സ്വാലിഹായ കർമം എന്താണെന്ന് ഒരാൾ സ്വയം നിർവചിക്കാൻ പാടില്ല. എന്താണ് മഅ്റൂഫായ തീരുമാനം എന്നും ഒരാൾ സ്വയം വ്യാഖ്യാനിക്കാൻ പാടില്ല. ഇങ്ങനെ ചെയ്യുന്നവർ തങ്ങൾ ഖിലാഫത്തുമായി ബന്ധമുള്ളവരാണെന്ന് വാദിച്ചതു കൊണ്ട് ഒരു പ്രയോജനവുമില്ല. ആത്മാർഥതയോടെ ഖിലാഫത്തിനെ അനുസരിക്കുകയും കീഴ്‌വഴങ്ങുകയും ചെയ്യുന്നവരാണ് ശരിക്കും ഖിലാഫത്തുമായി വിശ്വസ്തത വച്ചു പുലർത്തുന്നവർ. അത്തരക്കാർ ഖിലാഫത്തിനെ സംരക്ഷിക്കുകയും ഖിലാഫത്ത് അവരെ സംരക്ഷിക്കുകയും ചെയ്യുന്നതാണ്.

ദൈവപ്രീതി മാത്രം ഉദ്ദേശിച്ചു കൊണ്ട് ജമാഅത്തും കാലത്തിന്റെ ഖലീഫയും പരസ്പരം ബന്ധം വച്ചു പുലർത്തുന്ന യഥാർഥ ഖിലാഫത്ത് വ്യവസ്ഥിതിയാണിത്. പ്രബലതയും സമാധാനവും ഉറപ്പു തരുന്ന ഖിലാഫത്തും ഇതു തന്നെയാണ്. ഇതര മുസ്ലീങ്ങൾ തങ്ങളുടെ ഭൗതികമായ ആസൂത്രണങ്ങളും പദ്ധതികളും മുഖേന ഖിലാഫത്ത് സ്ഥാപിക്കാനാണ് ശ്രമിക്കുന്നത്. എന്നാൽ അവർക്ക് തങ്ങളുടെ ആസൂത്രണങ്ങളും പദ്ധതികളും ഒരിക്കലും ഫലം ചെയ്യുന്നതല്ല. ഇക്കൂട്ടർ എത്ര വേണമെങ്കിലും പരിശ്രമിച്ചു കൊള്ളട്ടെ, അല്ലാഹു തീരുമാനിച്ചുറച്ച പ്രകാരം തന്നെ ഖിലാഫത്ത് തുടർന്നു പോകുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അൽ വസിയ്യത്ത് എന്ന ലഘുലേഖയിൽ ഖിലാഫത്ത് വ്യവസ്ഥിതിയെ കുറിച്ച് സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. പറയുന്നു, പ്രവാചകന്മാരെയും ദൂതന്മാരെയും സഹായിക്കുക എന്നത് അല്ലാഹുവിന്റെ സനാതന നിയമാകുന്നു. അവൻ ലോകത്ത് പ്രചരിപ്പിക്കാൻ ആഗ്രഹിക്കുന്ന സന്മാർഗത്തിന്റെ ബീജാവാപം അവൻ അവരുടെ കരങ്ങളാൽ ചെയ്യിപ്പിക്കുന്നു. എന്നാൽ അതിന്റെ പൂർത്തീകരണം അവരുടെ കരങ്ങളാൽ നിർവഹിക്കപ്പെടുന്നില്ല. മറിച്ച് ബാഹ്യമായ പരാജയ ഭീതി നിലനില്ക്കെ തന്നെ അവൻ പ്രവാചകന്മാർക്ക് മരണം നല്കുന്നു. ഇതിലൂടെ എതിരാളികൾക്ക് പരിഹാസ കുത്തുവാക്കുകളും, നിന്ദാ വചനങ്ങളും ചൊരിയാൻ അവൻ അവസരം നല്കുന്നു. അങ്ങനെ അവർ പരിഹസിക്കുന്നത് പാരമ്യത്തിലെത്തിയതിനു ശേഷം അവൻ തന്റെ ശക്തിയുടെ മറ്റൊരു കരം പ്രത്യക്ഷപ്പെടുത്തുന്നു. അങ്ങനെ ഏറെക്കുറെ അപൂർണതയിൽ കിടന്നിരുന്ന പ്രസ്തുത ഉദ്ദേശ്യങ്ങൾ പരിപൂർണത പ്രാപിക്കുന്നതിനു വേണ്ട സാമഗ്രികൾ അവൻ സൃഷ്ടിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദേഹവിയോഗം വിശ്വാസികൾക്ക് കനത്ത ആഘാതം ഏല്പ്പിച്ചതും എതിരാളികൾക്ക് അത് ആഘോഷ വേളയാക്കിയതുമായി നമുക്കു കാണാൻ സാധിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മരണത്തെ തുടർന്ന് എതിരാളികൾ നടത്തിയ പ്രസ്താവനകൾ മനുഷ്യത്വത്തിനു തന്നെ ലജ്ജയുളവാക്കുന്ന തരത്തിലുള്ളതായിരുന്നു. ആ ജുഗുപ്സാവഹങ്ങളായ കാര്യങ്ങൾ ഇവിടെ ഉദ്ദരിക്കേണ്ട കാര്യമില്ല. എന്നാൽ ജമാഅത്ത് ഛിന്നഭിന്നമായെന്നും അഹ്മദികൾ ജമാഅത്തിൽ നിന്നും പശ്ചാത്തപിച്ച് മടങ്ങിയെന്നുമൊക്കെ അവർ നടത്തിയ വ്യാജപ്രചരണങ്ങളെ കുറിച്ച് ഇവിടെ പറയുന്നതാണ്. അലി ശാഹ് എന്ന ആത്മീയ ഗുരുവിന്റെ ശിഷ്യവൃന്ദം പറഞ്ഞത് മിർസായികൾ ജമാഅത്തിൽ നിന്നും പശ്ചാത്തപിച്ച് അവർക്ക് ബയ്അത്ത് ചെയ്യുന്നെന്നായിരുന്നു. ഖാജാ ഹസൻ നിസാമി സാഹിബ് അഭിപ്രായപ്പെട്ടത് മിർസാ സാഹിബ് വഫാത്തായതിനാൽ ഇനി നിങ്ങളുടെ കാര്യം നോക്കാൻ ആരുമില്ല. അതുകൊണ്ട് ജമാഅത്ത് ഉപേക്ഷിച്ച് ഞങ്ങളോടൊപ്പം ചേരുക എന്നായിരുന്നു. ഞാൻ നിന്നോടും നിന്റെ പ്രിയജനങ്ങളോടും ഒപ്പമുണ്ടെന്ന് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് വെളിപാടു മുഖേന പറഞ്ഞത് അവർക്ക് അറിയില്ലായിരുന്നു. മറ്റു പ്രവാചകന്മാരെ പോലെ അദ്ദേഹത്തിനു ശേഷവും ഖിലാഫത്ത് വ്യവസ്ഥിതി നിലവിൽ വരുമെന്ന് അല്ലാഹു അദ്ദേഹത്തെ സമാശ്വസിപ്പിക്കുകയും ചെയ്തിരുന്നു. ചില ദുർബല പ്രകൃതരായ അഹ്മദികൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രവാചകനാണെന്ന് പറയുന്നതിന് വൈക്ലബ്യം ഉണ്ടാകാറുണ്ട്. അവർക്കുമുള്ള മറുപടിയാണിത്. അദ്ദേഹം തന്നെ അവകാശപ്പെട്ടത് എന്റെത് ഒരു നബിയുടെ ജമാഅത്താണ്, ഞാൻ ഒരു നബിയുമാണ് എന്നാണ്. രണ്ടാം ദിവ്യശക്തി പ്രഭാവം അഥവാ ഖിലാഫത്ത് വ്യവസ്ഥിതിയെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, ഞാൻ ഒരു ദൈവിക സമ്പൂർണ ശക്തിപ്രഭാവമാകുന്നു. എനിക്ക് ശേഷം ചില വ്യക്തികളുണ്ടാവും. അവർ രണ്ടാം ദിവ്യശക്തിയുടെ പ്രതീകങ്ങളായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനങ്ങൾക്ക് അനുഗുണമായി 113 വർഷങ്ങളായി അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അക്ഷരം പ്രതി പുലരുന്നതായി നാം കാണുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ഖലീഫയായപ്പോൾ കർസൻ ഗസറ്റ് എന്ന പത്രത്തിൽ ഇപ്രകാരം വന്നു, മിർസായികളുടെ പക്കൽ ഇനി എന്താണ് അവശേഷിക്കുന്നത്? അവരുടെ തല തന്നെ ഖണ്ഡിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ അവർക്കുള്ള ഇമാമിന് ഒന്നും ചെയ്യാനും സാധിക്കില്ല. അദ്ദേഹത്തിന് അഹ്മദികൾക്ക് മസ്ജിദിൽ വച്ച് ഖുർആൻ കേൾപ്പിക്കാൻ സാധിക്കുമെന്ന് മാത്രം. അത് കേട്ടപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറഞ്ഞു, അങ്ങനെ തന്നെ ആകുമാറാകട്ടെ. എനിക്ക് നിങ്ങളെ ഖുർആൻ കേൾപ്പിക്കാൻ സാധിക്കട്ടെ. അദ്ദേഹം അക്കാര്യം വളരെ ഭംഗിയായി നിറവേറ്റി. എന്നാൽ അതോടൊപ്പം അദ്ദേഹത്തിന് മുനാഫിഖീങ്ങളുടെയും ചില അഞ്ചുമന്റെ കാര്യകർത്താക്കളുടെയും ഫിത്നകളെ അടിച്ചമർത്താനും സാധിച്ചു. അദ്ദേഹം ഉള്ളപ്പോൾ അവർക്ക് കുഴപ്പങ്ങൾ സൃഷ്ടിക്കാനുള്ള ധൈര്യവുമുണ്ടായില്ല. പിന്നീട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഖലീഫയായപ്പോൾ ചില അഞ്ചുമന്റെ കാര്യകർത്താക്കൾ ഖജനാവു മൊത്തം കാലിയാക്കി കടന്നു കളഞ്ഞു. എന്നാൽ ഖിലാഫത്തു മുഖേന അല്ലാഹു ജമാഅത്തിനെ എപ്രകാരമാണ് പ്രബലപ്പെടുത്തിയത് എന്ന് ലോകം കണ്ടു. അല്ലാഹു ഖിലാഫത്തിന്റെ കടിഞ്ഞാൺ ഏല്പിച്ച ആ യുവാവ് ജമാഅത്തിനെ എത്ര ശീഘ്രതയോടെയാണ് പുരോ ഗതികളുടെ ചവിട്ടു പടികൾ താണ്ടിക്കൊണ്ട് മുന്നോട്ടു നയിച്ചത് എന്നതിന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ 52 വർഷത്തെ സുദീർഘമായ ഖിലാഫത്ത് നേർസാക്ഷിയാണ്.

1965 ൽ അദ്ദേഹം വഫാത്തായപ്പോൾ അല്ലാഹു രണ്ടാം ദിവ്യശക്തി പ്രഭാവത്തിന്റെ മൂന്നാം പ്രതീകത്തെ എഴുന്നേല്പ്പിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്മഹു)ന്റെ ഖിലാഫത്തു കാലഘട്ടത്തിൽ ജമാഅത്തിന് ആഗോള തലത്തിൽ മേൽവിലാസം ലഭിച്ചു. 1974ൽ അഹ്മദികളെ അമുസ്ലീങ്ങളായി പ്രഖ്യാപിച്ച് ജമാഅത്തിനെ കുത്തുപാള എടുപ്പിക്കാൻ ശത്രുക്കൾ കോപ്പു കൂട്ടിയപ്പോൾ അവരുടെ എല്ലാ പദ്ധതികളെയും

കാറ്റിൽ പറത്തിക്കൊണ്ട് അല്ലാഹു ജമാഅത്തിന് വലിയ നിലയിൽ സാമ്പത്തിക ശേഷിക്കുള്ള വഴി തുറന്നു കൊടുത്തു.

1982 ൽ നാലാം ഖിലാഫത്തിന്റെ പ്രാരംഭദശയിൽ തന്നെയുള്ള ജമാഅത്തിന്റെ അഭിവൃദ്ധി കണ്ട് ശത്രുക്കൾ അന്ധാളിച്ചു പോയി. ഖിലാഫത്തിനെ വെറും നിർജീവമായ അവയവമാക്കാനായി ശത്രുക്കൾ കൊണ്ടുപിടിച്ച ശ്രമങ്ങൾ നടത്തി. എന്നാൽ അനിതര സാധാരണമായ സഹായസഹകരണങ്ങൾ ഏകി അല്ലാഹു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്മഹു)നു ഹിജ്റത്ത് ചെയ്യാനുള്ള സൗകര്യം ഒരുക്കി കൊടുത്തു. ശേഷം സാറ്റലൈറ്റ് മുഖേന അഹ്മദിയ്യത്തിന്റെ സന്ദേശം വീടു വീടാന്തരം എത്താൻ തുടങ്ങി.

2003ലെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്മഹു)ന്റെ വേർപാട് ജമാഅത്തിനെ ആകെ പിടിച്ചുലച്ചു. എന്നാൽ അല്ലാഹു വിശ്വാസികളുടെ പ്രാർഥന കേട്ടു. ഭയത്തിന്റെ അവസ്ഥയെ ഒരു വട്ടം കൂടി സമാധാനത്തിലേക്ക് മാറ്റി. ഇസ്ലാമിന്റെ ആദ്യഘട്ടത്തിൽ ഉണ്ടായിരുന്ന ഖിലാഫത്ത് റാശിദ നബി കരീം(സ)ന്റെ പ്രവചനാനുസരണം നാലു ഖലീഫമാരാൽ പരിമിതമായിരുന്നു. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമന ശേഷം ഇസ്ലാമിക ചരിത്രത്തിൽ ഒരുപാടു പുതിയ അധ്യായങ്ങൾക്ക് തുടക്കം കുറിച്ച പോലെ അഞ്ചാം ഖിലാഫത്തും സംഭവിച്ചു. അതുപോലെ ഇക്കാര്യവും നബി കരീം(സ)ന്റെ പ്രവചനാനുസരണം തന്നെയായിരുന്നു. ഈ കാലഘട്ടത്തിൽ അനിതര സാധാരണമായ വേഗതയിൽ ജമാഅത്തിന് ആഗോള തലത്തിൽ പേരും പെരുമയും ലഭിച്ചു കൊണ്ടിരിക്കുന്നുണ്ട്. വിശുദ്ധ ഖുർആന്റെ ഭാഷാന്തരങ്ങൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളുടെ പ്രസാധനം, എം.ടി.എ യുടെ വിപുലീകരണം തുടങ്ങി എല്ലാ മേഖലകളിലും അസാധാരണമായ പുരോഗതികൾ ഉണ്ടാകുന്നുണ്ട്. കൊറോണ വൈറസിന്റെ അതിവ്യാപനം കാരണം ഓൺലൈൻ മീറ്റിംഗുകൾ വഴി കാലത്തിന്റെ ഖലീഫയും ആഗോള ജമാഅത്തംഗങ്ങളും നേരിട്ടു ബന്ധപ്പെടാനുള്ള മാർഗങ്ങൾ തുറന്നിരിക്കുന്നു. ഇതെല്ലാം തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ പ്രകാരമാണ് നടക്കുന്നത്. ആയതിനാൽ അല്ലാഹുവിന്റെ നന്ദിയുള്ള ദാസന്മാരാകുകയും അവനു മുന്നിൽ കുനിയുകയും ഖിലാഫത്തിനോട് അനുസരണവും കീഴ്‌വഴക്കവുമുള്ളവരാകുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്. ഈ പ്രസ്ഥാനത്തിന്റെ പരിപൂർണ നിലയിലുള്ള അഭിവൃദ്ധികൾ നേരിട്ട് കാണാനുള്ള തൗഫീഖ് അല്ലാഹു നമുക്കു തരുമാറാകട്ടെ. നമ്മുടെ ആരാധനകളും നമസ്ക്കാരങ്ങളും കർമങ്ങളും അല്ലാഹുവിന്റെ പ്രീതി നേടിത്തരുന്ന നിലയിലാകട്ടെ.

ഇന്ന് ഞാൻ വീണ്ടും ദുആയ്ക്ക് പറയാൻ ആഗ്രഹിക്കുകയാണ്. പാക്കിസ്ഥാനിലെയും അതുപോലെ പീഡനങ്ങൾ അനുഭവിക്കുന്ന ലോകത്ത് എവിടെയുമുള്ള അഹ്മദികൾക്കും വേണ്ടി ദുആ ചെയ്യുക. അതു പോലെ ഫലസ്തീൻ അടക്കം പീഡനങ്ങൾ അനുഭവിക്കുന്ന ലോക മുസ്ലീങ്ങൾക്കു വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എല്ലാവരുടെയും പ്രയാസങ്ങൾ ദൂരീകരിക്കുമാറാകട്ടെ. അതുപോലെ ലോകത്ത് എത്രയും പെട്ടന്ന് ഇസ്ലാമിന്റെയും റസൂലുല്ലാഹ്(സ) യുടെയും വെന്നിക്കൊടി പാറിപ്പറക്കുന്നതും അല്ലാഹുവിന്റെ തൗഹീദിന് സർവലോകാധിപത്യം ലഭിക്കുന്നതും കാണാൻ നമുക്കു സാധിക്കുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُوْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 28.05.2021
Malayalam Translation: **P.K.Amnas** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516